പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5472</u> <u>18.11.2019 ൽ മറുപടിക്ക്</u>

## കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. സ്വരാജ് | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ വികസനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ ; | (എ) | അന്താരാഷ്ട്ര യാത്രക്കാർക്കായി 15 ലക്ഷം ചതുരശ്രഅടി വിസ്തീർണ്ണത്തിൽ അത്യാധുനിക സൗകര്യങ്ങളുൾക്കൊള്ളിച്ച പുതിയ അന്താരാഷ്ട്ര ടെർമിനൽ, അനുബന്ധ പദ്ധതികളായ റോഡുകൾ, പാലങ്ങൾ, ഏപ്രൺ മുതലായവ പൂർത്തിയാക്കി ഏപ്രിൽ 2017 ൽ രാഷ്ട്രത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ഇവയുടെ വിശദാംശങ്ങൾ അറിയിക്കുമോ | (ബി) | കേരള പരമ്പരാഗത വാസ്തുശില്പ ശൈലിയിൽ അന്താരാഷ്ട്ര നിലവാരത്തിൽ നവീകരിച്ച ആറ് ലക്ഷം ചതുരശ്രഅടി വിസ്തീർണ്ണമുള്ള ആഭ്യന്തര ടെർമിനൽ ഡിസംബർ 2018 ന് രാഷ്ട്രത്തിന് സമർപ്പിച്ചു. മണിക്കൂറിൽ 4000 യാത്രക്കാരെ കൈകാര്യം ചെയ്യാൻ ശേഷിയുള്ളതാണ് പ്രസ്തുത ടെർമിനൽ.<br>വിമാനത്താവളത്തിലേക്കുള്ള വഴിയിൽ ഒരു സുരക്ഷാ കവാടം നിർമ്മിക്കുകയുണ്ടായി.<br>പുതിയ അന്താരാഷ്ട്ര കാർഗോ കോംപ്ലക്സ്, പുതിയ ഇറക്കുമതി ടെർമിനലും ബന്ധപ്പെട്ട അത്യാധുനിക അന്താരാഷ്ട്ര നിലവാരത്തിലുള്ള സൗകര്യങ്ങൾ എന്നിവയുടെ നിർമ്മാണം, റൺവേയുടേയും ടാക്സിവേകളുടേയും റീകാർപെറ്റിംഗ് സംവിധാനം, പുതിയ നക്ഷത്ര ഹോട്ടലിന്റെ നിർമ്മാണം, വെള്ളപ്പൊക്ക നിയന്ത്രണ ജോലികൾ, മൂന്ന് പാലങ്ങളുടെ നിർമ്മാണം, ചെങ്ങൽ തോടിന്റെ ഗതിമാറ്റി നിർമ്മിക്കപ്പെട്ടിട്ടുള്ള കനാലിന്റെ വീതിയും ആഴവും കൂട്ടുന്നതിനുള്ള നടപടികൾ, പെരിയാറിൽ നിന്നും ചെങ്ങൽ തോടിലേക്കുള്ള വെള്ളത്തിന്റെ ഒഴുക്കിനെ നിയന്ത്രിക്കുവാനായി ഒരു റഗുലേറ്റർ കം ബ്രിഡ്ജ്, പുതിയ ത്വരിത നിർഗ്ഗമന വഴി (Rapid Exit) ടാക്സിവേയും ലംബസമാനമായ ബന്ധം (Vertical Link) എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ